പതിനാലാം കേരളനിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T.2722

06.11.2019 ന് മറുപടിയ്ക്ക്.

കലവറ വിപണന കേന്ദ്രങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി. ദിവാകരൻ : | | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിൽ എവിടെയൊക്കെയാണ് കലവറ വിപണന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | തിരുവനന്തപുരം ജില്ലയിൽ കലവറ വിപണന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നില്ല. തിരുവനന്തപുരം ഡിവിഷന്റെ കീഴിൽ കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴയിലാണ് നിലവിൽ ടി കേന്ദ്രം പ്രവർത്തിച്ചു വരുന്നത്. |
| (ബി) | കലവറ വിപണന കേന്ദ്രങ്ങളിൽ നിന്ന് ആർക്കെല്ലാമാണ് സാധനങ്ങൾ ലഭിക്കുന്നതെന്നും, സാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ? | (ബി) | കലവറ വിപണന കേന്ദ്രങ്ങളിൽ നിന്നും നിലവിൽ തിരുവനന്തപുരം - കൊല്ലം ജില്ലകളിലെ ഗാർഹിക ഉപഭോക്താക്കൾക്ക് മണൽ ലഭ്യമാക്കുന്നുണ്ട്. എ.പി.എൽ വിഭാഗത്തിൽപ്പെടുന്നവർക്ക് സീനിയറേജ്, ജി.എസ്.ടി, മറ്റ് നിരക്കുകൾ സഹിതം ഒരു ഘനമീറ്ററിന് 4445 രൂപ നിരക്കിലും ബി.പി.എൽ വിഭാഗത്തിന് 2485 രൂപ നിരക്കിലും മണൽ വാങ്ങിക്കാവുന്നതാണ്. അപേക്ഷകർ വനം വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.forest.kerala.gov.in വഴി online ആയി അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം തിരിച്ചറിയൽ കാർഡ്, വീടിന്റെ അംഗീകൃത പ്ലാൻ, എൻജിനിയർ സാക്ഷ്യപ്പെടുത്തിയ മണലിന്റെ ആവശ്യകതാ സർട്ടിഫിക്കറ്റ് ഉടങ്ങിയവ online ആയി അപ്ലോഡ് ചെയ്യേണ്ടതാണ്. ടി വിവരങ്ങൾ / രേഖകൾ മുൻഗണനാ ക്രമത്തിൽ റെയിഞ്ചാഫീസർ സൂക്ഷ്മ പരിശോധന നടത്തി നിജസ്ഥിതി ബോധ്യപ്പെട്ട് ആവശ്യമായ അളവിൽ മണൽ വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ